LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22-12-2014-ൽ ചേർന്ന യോഗത്തിൽ, കെ.എസ്.ആർ.ടി.സി.-യിൽ 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ കൃത്യമായി നൽകുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കാനും പ്രസ്തുത ഫണ്ടിലേക്ക് ഓരോ മാസവും കെ.എസ്.ആർ.ടി.സി. 20 കോടി രൂപ ട്രഷറിയിൽ നിക്ഷേപിക്കുവാനും തുല്യ തുക നോൺ പ്ലാൻ വിഹിതമായി (ഒരു വർഷം പരമാവധി 240 കോടി രൂപ) സർക്കാർ നൽകുവാനും തീരുമാനിച്ചിരുന്നു. ഇതിൻ പ്രകാരം പെൻഷൻ ഫണ്ട് രൂപീകരിക്കുകയും 2015 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിച്ച തുകയ്ക്ക് തുല്യമായ വിഹിതം സർക്കാർ അനുവദിക്കുകയും പ്രസ്തുത തുക വിനിയോഗിച്ച് പെൻഷൻ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യിൽ പ്രതിമാസം പെൻഷൻ വിതരണം ചെയ്യുന്നതിന് ശരാശരി 42.50 കോടി രൂപ ആവശ്യമാണ്. കെ.എസ്.ആർ.ടി.സി-യിൽ പെൻഷൻ കൃത്യമായി നൽകുന്നതിന് സഹായമെന്ന നിലയിൽ ഓരോ മാസവും 20 കോടി രൂപ കെ.എസ്.ആർ.ടി.സി. ട്രഷറിയിൽ നിക്ഷേപിക്കുന്ന മുറയ്ക്ക് ആനുപാതികമായ തുക നോൺ പ്ലാൻ വിഹിതമായി (പ്രതിമാസം പരമാവധി 20 കോടി രൂപ) സർക്കാർ നൽകുമെന്ന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. യാത്രക്കാരിൽ നിന്നും സെസ്സ് ഇനത്തിൽ ലഭ്യമാകുന്ന തുകയും ബഹു. ഹൈക്കോടതി ഉത്തരവിൻപ്രകാരം രൂപീകരിച്ച് പെൻഷനറി ബെനിഫിറ്റ് ഫണ്ടിലെ നീക്കിയിരുപ്പ് തുകയും ചേർത്ത് കെ.എസ്.ആർ.ടി.സി.-യുടെ വിഹിതമായ തുക ട്രഷറിയിലെ പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുല്യമായ തുക നോൺ പ്ലാൻ വിഹിതമായി സർക്കാരിൽനിന്നും അനുവദിച്ചുകൊണ്ട് 2015 ഏപ്രിൽ മാസം മുതൽ പെൻഷൻ വിതരണം ചെയ്തുവരികയുമാണ്. ഇതിൻ പ്രകാരം എല്ലാ മാസവും 15-ാം തീയതി തന്നെ പെൻഷൻ വിതരണം ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി. ബസുകളിലെ ദിശാസൂചക ബോർഡുകൾ

193(5782) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. .ബസുകളിലെ ഡെസ്റ്റിനേഷൻ ബോർഡുകൾ പലതും വായിക്കാൻ കഴിയാത്ത തരത്തിലുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ബോർഡുകളുടെ വലിപ്പം വർദ്ധിപ്പിക്കുന്നതിനും ബസിന്റെ വാതിലുകളിലോ വാതിലുകളുടെ സമീപത്തോ ബോർഡുകൾ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം

194(5783) ശ്രീ. വി. ശിവൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് കെ.എസ്.ആർ.ടി.സി.-യുടെ ഭൂമിയിൽ നിർമ്മിച്ച ചീഫ് ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണച്ചെലവിനായി വായ്പ എടുത്തിരുന്നുവോ ; എങ്കിൽ എവിടെനിന്ന് എത്ര തുക ; എത്ര ശതമാനം പലിശ ; ഇനി എത്ര തുക അടച്ചു തീർക്കുവാനുണ്ട് ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത കെട്ടിട സമുച്ചയത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നും എത്ര തുക നാളിതുവരെ വാടകയിനത്തിൽ ലഭിച്ചുവെന്നും ഏതൊക്കെ സ്ഥാപനങ്ങളാണ് ഇവിടെ വാടക നൽകി പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വായ്പ ലഭ്യമാക്കിയിട്ടില്ല.

(ബി) ട്രാൻസ്പോർട്ട് ഭവൻ കെട്ടിടത്തിൽ ജില്ലാ രജിസ്ട്രാർ (ജനറൽ) ഓഫീസ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഓഫീസ്, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വോഡാഫോൺ മൊബൈൽ ടവർ തുടങ്ങിയ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ 73,75,774 രൂപയും രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് 44,30,140 രൂപയും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ് 75,55,100 രൂപയും വോഡാഫോൺ മൊബൈൽ ടവർ 13,22,460 രൂപയും ഒടുക്കിയിട്ടുള്ളതാകുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിദിന കളക്ഷനും ഇന്ധനച്ചെലവും

195(5784) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി പ്രതിദിന കളക്ഷൻ എത്ര രൂപയാണെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly